**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3922** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ പരാതികൾ പരിശോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ തൊഴിലിടങ്ങളിലെ ലൈംഗിക പീഡന പരാതികൾ പരിശോധിക്കാൻ സർക്കാർ പുതുതായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കേന്ദ്ര ആക്ടുകൾക്ക് വിരുദ്ധമാകാതെ സിനിമാ, സീരിയൽ മേഖലയിലെ സ്ത്രീകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക നിയമ നിർമ്മാണത്തിലൂടെ ഒരു സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>സിനിമാ മേഖലയിലെ സമഗ്ര പരിഷ്കരണത്തിനും ചലച്ചിത്ര പ്രവർത്തകരുടെ ക്ഷേമത്തിനുമായി സംസ്ഥാന സിനിമാ നയം രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിനായി രൂപീകരിച്ച കമ്മിറ്റി തയ്യാറാക്കിയ കരട് രൂപരേഖ ചർച്ച ചെയ്യുന്നതിനായി സിനിമാ മേഖലയിലെ വിദഗ്ധരേയും ദേശീയ/ അന്തർദേശീയ തലത്തിലുള്ള വ്യക്തികളെയും ഉൾപ്പെടുത്തി ആഗസ്റ്റ് 2,3 തീയതികളിലായി സിനിമാ കോൺക്ലേവ് സംഘടിപ്പിച്ചിരുന്നു. ചർച്ചയിൽ ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച കരട് സിനിമാ നയം സർക്കാരിൽ സമർപ്പിക്കുന്നതിന് നയരൂപീകരണ കമ്മിറ്റി നടപടി സ്വീകരിച്ചു വരുന്നു.<br><br>സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളിലെ അംഗങ്ങൾക്കായി തൊഴിൽ നിയമങ്ങളെ സംബന്ധിച്ച orientation class തൊഴിൽ വകുപ്പ് സംഘടിപ്പിച്ചിരുന്നു.<br><br>ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ തൊഴിലിടങ്ങളിലെ ലൈംഗിക പീഡന പരാതികൾ കേൾക്കുന്നതിനായി സിനിമാ ഷൂട്ടിങ്ങ് ലൊക്കേഷനുകളിലും സിനിമാ സെറ്റുകളിലും POSH Act പ്രകാരമുള്ള ആഭ്യന്തര പരാതി പരിഹാരകമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കമ്മിറ്റിയുടെ വിവരങ്ങൾ പോഷ് |

പോർട്ടലിൽ update ചെയ്യുന്നതിനും സിനിമാ പ്രവർത്തകർക്കിടയിൽ പോഷ് ആക്ട് സംബന്ധിച്ച ബോധവൽക്കരിക്കുന്നതിനും ടി നിയമം പ്രാവർത്തികമാക്കുന്നതിന് ചുമതലയുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയായ വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ സിനിമാ സംഘടനകളുമായി ചർച്ചകൾ നടത്തുകയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരേയുള്ള ലൈംഗികാതിക്രമം (തടയലും, നിരോധിക്കലും, പരിഹാരവും) - നിയമം 2013 നിയമവും കേന്ദ്ര സംസ്ഥാന ചട്ടങ്ങളും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും സിനിമ, മാധ്യമ മേഖലകൾക്ക് ബാധകമാക്കുവാൻ ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന നടപടികൾ വനിതാ ശിശുവികസന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

1) സിനിമാ മേഖലയിൽ പോഷ് ആക്ട് നടപ്പിലാക്കുന്നതിനായി സിനിമാ മേഖലയിലെ പ്രൊഡ്യൂസേഴ്സ്, സംവിധായകർ, അഭിനേതാക്കൾ തുടങ്ങിയവരെ പങ്കെടുപ്പിച്ച് ഒരു ശിൽപ്പശാല സംഘടിപ്പിച്ച് പരിശീലന മൊഡ്യൂൾ തയ്യാറാക്കി.

2) ഈ പരിശീലന മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ 2025 ഏപ്രിലിൽ സിനിമാ മേഖലയിലെ വിവിധ രംഗങ്ങളിൽ നിന്നുള്ള 80 പേരേ പങ്കെടുപ്പിച്ചുകൊണ്ട് ആദ്യഘട്ട പരിശീലനം ജെൻഡർപാർക്ക് മുഖേന തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു.

3) അടുത്ത ഘട്ടമായി പ്രൊഡ്യൂസേഴ്സ് അസ്സോസ്സിയേഷനു കീഴിൽ വരുന്ന എല്ലാ ഐ.സി. അംഗങ്ങൾക്കും എറണാകുളത്ത് വച്ച് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

4) സിനിമ, ടെലിവിഷൻ, മാധ്യമ, തീയേറ്റർ ആർട്സ് ഈ മേഖലയിലെ ഐ.സി. വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി പോഷ് കംപ്ലയൻസ് പോർട്ടലിൽ പ്രത്യേകം ഡാഷ് ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്.

5) സിനിമാ മേഖലയിലെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ഒരു ഇ-മെയിൽ ഐ.ഡി posh.wcd@kerala.gov.in ആവിഷ്കരിച്ചിട്ടുണ്ട്.

6) 2025 ജൂൺ 24 ന് ടെലിവിഷൻ സംഘടന പ്രതിനിധികളുമായി പോഷ് പരിശീലനം നടത്തുന്നത് സംബന്ധിച്ച് പ്രാഥമിക ഘട്ട ചർച്ച നടത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ലൊക്കേഷൻ വിസിറ്റ് നടത്തിയതിനു ശേഷം ഈ മേഖലയ്ക്കായി പ്രത്യേക പരിശീലന മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സിനിമാ മേഖലയിൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനം നടത്തുന്ന സ്ത്രീകൾക്ക് അവഗണനയും അവസരനിഷേധവും നേരിടുന്നുവെന്നുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ഹേമാ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ഉയർന്നു വന്ന സിനിമാ മേഖലയിലെ ലൈംഗിക പീഡന പരാതികളും മറ്റ് പരാതികളും അന്വേഷിക്കുന്നതിനായി 25.08.2024-ലെ ഉത്തരവ് നം. റ്റി6/27350/2022/പി.എച്ച്.ക്യൂ പ്രകാരം ക്രൈംബ്രാഞ്ച് ADGP യുടെ മേൽനോട്ടത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഇത്തരം പരാതികൾ കൈകാര്യം ചെയ്യുന്നതിനായി പോലീസ് ആസ്ഥാനത്ത് നിന്നും നോഡൽ ഓഫീസറായി ശ്രീമതി ജി. പൂങ്കുഴലി ഐ.പി.എസ്. നെ നിയമിച്ചിട്ടുള്ളതുമാണ്.<br><br>സിനിമാമേഖലയിൽ സ്ത്രീകൾക്ക് അവസരസമത്വം ഉറപ്പ് വരുത്തുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചലച്ചിത്ര അക്കാദമി വനിതകൾക്ക് സിനിമാ സാങ്കേതികരംഗത്ത് തൊഴിൽപരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുകയാണ്. സിനിമയുടെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുക, ലൈറ്റിംഗ്, ക്യാമറ, മേക്കപ്പ് തുടങ്ങിയ സാങ്കേതിക വിഭാഗങ്ങളിൽ ഹ്രസ്വകാല നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, വനിതാ സാങ്കേതിക പ്രവർത്തകരുടെ ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുക തുടങ്ങിയ ശുപാർശകൾ കൂടി പരിഗണിച്ചുകൊണ്ടാണ് ഇത്തരമൊരു പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഏഴു സാങ്കേതിക വിഭാഗങ്ങളിലാണ് അക്കാദമി പരിശീലനം നൽകുന്നത്. ഇതിന്റെ ഭാഗമായി 13 പേർക്ക് പ്രതിമാസം 10,000/- രൂപ സ്റ്റൈപ്പന്റ് നൽകിക്കൊണ്ട് സിനിമകളിൽ തൊഴിൽ പരിശീലനം നേടാൻ അവസരമൊരുക്കിയിട്ടുണ്ട്. സിനിമയിൽ വേറിട്ട സ്ത്രീശബ്ദങ്ങൾക്കായി പ്രത്യേക വേദിയൊരുക്കുക, ചലച്ചിത്രമേഖലയിൽ ലിംഗസമത്വത്തിന് അനുഗുണമായ അന്തരീക്ഷമൊരുക്കുക, വനിതാ ചലച്ചിത്രപ്രവർത്തകർക്ക് പ്രചോദനവും പ്രോത്സാഹനവും പകരുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എല്ലാ വർഷവും അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേള സംഘടിപ്പിച്ചുവരുന്നു. സാങ്കേതിക വിഭാഗം ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | സിനിമയുടെ സമസ്തമേഖലകളിലും വനിതകൾ ചുവടുറപ്പിക്കുന്ന ഇക്കാലത്ത് സ്ത്രീകൾക്ക് സർഗാത്മക ഊർജം പകരാൻ വനിതാ ചലച്ചിത്രമേളയ്ക്ക് കഴിയും. ഐ.എഫ്.എഫ്.കെ യുടെ ഭാഗമായി ഫീമേയ്ൽ ഗേസ് എന്ന വിഭാഗത്തിൽ വനിതാസംവിധായകരുടെ സിനിമകൾ തെരഞ്ഞെടുത്ത് പ്രദർശിപ്പിച്ചുവരുന്നു. കഴിഞ്ഞ ഡിസംബറിൽ നടന്ന 29-ാമത് ഐ.എഫ്.എഫ്.കെ.യുടെ മലയാള സിനിമ റ്റുഡേ വിഭാഗത്തിൽ നാല് വനിതാ സംവിധായകരുടെ ചിത്രങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ